**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** | **08-08-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഈ വർഷം എത്ര ഡോക്ടർമാർ വിരമിച്ചിട്ടുണ്ട്; ഇവർക്ക് പകരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 14 പേർ വിരമിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഈ വർഷം വിരമിച്ച ഡോക്ടർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. അനാട്ടമി വിഭാഗം പ്രൊഫസർ വിരമിച്ചു. പകരം ആളെ നിയമിച്ചിട്ടുണ്ട്.<br>2. മൈക്രോബയോളജി വിഭാഗം പ്രൊഫസർ വിരമിച്ചു. പകരം ആളെ നിയമിച്ചിട്ടുണ്ട്.<br>3. സൈക്യാട്രി വിഭാഗത്തിൽ നിന്നും 2 പ്രൊഫസർമാർ വിരമിച്ചിട്ടുണ്ട്. ഇതിൽ ഒരു ഒഴിവ് സ്ഥലംമാറ്റം വഴി നികത്തിയിട്ടുണ്ട്. അടുത്ത ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. ന്യൂറോളജി ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു പ്രൊഫസർ വിരമിച്ചിട്ടുണ്ട്. ന്യൂറോളജി വിഭാഗം പ്രൊഫസർ തസ്തികയിൽ മതിയായ യോഗ്യതയുള്ളവരെ ലഭിക്കാത്തതിനാൽ ടി തസ്തികയിൽ അസോസിയേറ്റ് പ്രൊഫസറെ നിയമിച്ചിട്ടുണ്ട്.<br>5. പീഡിയാട്രിക് സർജറി വിഭാഗത്തിൽ നിന്നും ഒരു അസിസ്റ്റന്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. വേക്കൻസി പി.എസ് .സി - യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പകരം നിയമനം നടന്നിട്ടില്ല.<br>6. ജനറൽ സർജറി വിഭാഗത്തിൽ നിന്നും ഒരു അസോസിയേറ്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. പകരം ആളിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. ഒ&ജി വിഭാഗത്തിൽ ഒരു അസോസിയേറ്റ് പ്രൊഫസർ വിരമിച്ചു. താത്കാലിക സ്ഥാനക്കയറ്റത്തിനു നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 8. ഇ.എൻ.റ്റി വിഭാഗത്തിൽ ഒരു പ്രൊഫസസർ വിരമിച്ചു. ടി ഒഴിവ് സ്ഥാനക്കയറ്റം നൽകി നികത്തിയിട്ടുണ്ട്.<br>9. ഇ.എൻ.റ്റി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവിലേക്ക് പൊതുസ്ഥലംമാറ്റം മുഖേന പകരം ആളിനെ നിയമിച്ചിട്ടുണ്ട്.<br>10. ന്യൂക്ലിയാർ മെഡിസിനിൽ ഒരു പ്രൊഫസറും പൾമണറി മെഡിസിനിൽ ഒരു പ്രൊഫസറും വിരമിച്ചു. പൾമണറി മെഡിസിൻ പ്രൊഫസർ നിയമനം നടത്തിയിട്ടുണ്ട്. ന്യൂക്ലിയാർ മെഡിസിനിൽ പ്രൊഫസർ നിയമനത്തിനായുള്ള ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>11. ജെനിറ്റോ യൂറിനറി സർജറി വിഭാഗത്തിൽ നിന്നും ഒരു അസോസിയേറ്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവു സ്ഥലംമാറ്റം മുഖേന നികത്തിയിട്ടുണ്ട്.<br>12. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ ഈ വർഷം വിരമിച്ചിട്ടുണ്ട്. പകരം പ്രിൻസിപ്പാളിനെ നിയമിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്ന ഓർത്തോ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി - യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനായി **PSC** വഴി നിയമനങ്ങൾ നടക്കുന്നതുവരെ എൻടി കേഡർ അദ്ധ്യാപക തസ്തികകൾ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് മെഡിക്കൽ കോളേജ് പ്രൻസിപ്പാൾമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ